.024

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/7083/2023-E5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 04-03-2024
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

<u>കുറ്റപത്രം</u>

കടുത്തുരുത്തി ശിശു വികസന പദ്ധതി ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ പ്രദീപ് കുമാർ എസ്സിനെതിരായ കുറ്റപത്രം.

1. ശ്രീ പ്രദീപ് കുമാർ എസ്സ് എന്ന താങ്കൾ ചുവടെ പറയുന്ന കുറ്റം ചെയ്തിരിക്കുന്നു.

കടുത്തുരുത്തി ഐസിഡിഎസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച വരവെ KSR Part 1 APPENDIX XII C പ്രകാരം 01.08.2018 മുതൽ 31.07.2023 വരെ 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധിയിൽ പ്രവേശിച്ച താങ്കളുടെ ശൂന്യവേതനാവധി കാലയളവ് അവസാനിച്ചിട്ടും താങ്കൾ നാളിതുവരെ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതായി കടുത്തുരുത്തി സിഡിപിഒ അറിയിച്ചിട്ടുണ്ട്. ശൂന്യവേതനാവധി കാലയളവ് അവസാനിച്ചിട്ടും തിരികെ ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നത് വഴി താങ്കൾ ഗുരുതരമായ കൃത്യവിലോപവും കടുത്ത അച്ചടക്ക ലംഘനവും നടത്തിയിരിക്കുന്നു.

2. താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിയ്ക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം, 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം എന്നിവ പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കാതിരിക്കുവാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുവാൻ താങ്കളോട് ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദപത്രിക സമർപ്പിയ്ക്കുന്നതിന് ഈ വിവരം ലഭിച്ച തിയതി മുതൽ 15 ദിവസം അനുവദിയ്ക്കുന്നു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മറുപടി ലഭ്യമാകാത്ത പക്ഷം ഇക്കാര്യത്തിൽ താങ്കൾക്കൊന്നും ബോധിപ്പിയ്ക്കുവാനില്ല എന്ന നിഗമനത്തിൽ നടപടികൾ തുടരുന്നതാണ്. താങ്കളെ നേരിട്ട് കേൾക്കുവാൻ ആഗ്രഹിയ്ക്കുന്നുവോ എന്ന് കൂടി അറിയിക്കുവാൻ നിർദ്ദേശിയ്ക്കുന്നു. ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള പ്രസക്ത റിക്കോർഡുകൾ നോക്കാവുന്നതും അപ്രകാരം ആഗ്രഹിയ്ക്കുന്നുവെങ്കിൽ താങ്കളുടെ അപേക്ഷയിൻമേൽ മുൻകൂട്ടി നിശ്ചയിച്ച ഏതെങ്കിലും ദിവസം പ്രതിവാദത്തിനുള്ള താങ്കളുടെ പത്രിക സമർപ്പിയ്ക്കേണ്ട അവസാന തിയതിയ്ക്ക് മുൻപുള്ള നിശ്ചയിക്കപ്പെടുന്ന ദിവസം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ അവയിൽ നിന്നും പ്രസക്തഭാഗങ്ങൾ എഴുതിയെടുക്കാവുന്നതുമാണ്.

3. കുറ്റാരോപണങ്ങൾക്ക് ആധാരമായ പത്രിക അന്യത്ര ചേർത്തിരിക്കുന്നു.

HARITHA V KUMAR
വനിത ശിശു വികസന ഡയറക്ടർ

Signed by Haritha V Kumar
Date: 06-03-2024 14:43:35

ശ്രീ പ്രദീപ് കുമാർ എസ്സ്, ഓഫീസ് അറ്റൻഡന്റ്
ഐസിഡിഎസ് കടുത്തുരുത്തി

(രണ്ട് പകർപ്പുകൾ രജി. വിത്ത് എ ഡി ആയി അയയ്ക്കുന്നു. ഒരു പകർപ്പിൽ താങ്കളുടെ തീയതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തി മടക്കി ലഭ്യമാക്കേണ്ടതാണ്.)

(കാര്യാലയമേധാവി മുഖാന്തിരം)

/2024

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/7083/2023-E5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 04-03-2024
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

<u>കുറ്റാരോപണ പത്രിക</u>

കട്ടുത്തുരുത്തി ഐസിഡിഎസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച വരവെ KSR Part1 APPENDIX XII C പ്രകാരം 01.08.2018 മുതൽ 31.07.2023 വരെ 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധിയിൽ പ്രവേശിച്ച ശ്രീ പ്രദീപ് കമാർ എസ്സിന്റെ ശൂന്യവേതനാവധി കാലയളവ് അവസാനിച്ചിട്ടും ടിയാൾ നാളിതുവരെ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതായി കട്ടുത്തുരുത്തി സിഡിപിഒ അറിയിച്ചിട്ടുണ്ട്. 30.12.2020 ലെ 83/2020/ധന നമ്പർ സർക്കുലർ പ്രകാരം കേരള സർവ്വീസ് റൂൾ ഭാഗം 1 അനുബന്ധം 12 എ, 12 സി എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ ഒരു ഉദ്യോഗസ്ഥന് ഒരു സർവ്വീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതനാവധി കാലയളവ് പരമാവധി 5 വർഷമായിരിക്കുമെന്നും അവധി അവസാനിക്കുന്ന മുറയ്ക്ക് അഥവാ 5 വർഷത്തിനു ശേഷം തിരികെ ജോലിയ്ക്ക് ഹാജരാകാത്ത പക്ഷം കെ.എസ്.ആർ ഭാഗം 1 അനുബന്ധം 12 എ ചട്ടം 9/12സി ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ശൂന്യവേതനാവധി കാലയളവ് അവസാനിച്ചിട്ടും തിരികെ ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നത് വഴി ശ്രീ പ്രദീപ് കുമാർ എസ്സ് കടുത്ത അച്ചടക്ക ലംഘനവും ഗുരുതരമായ കൃത്യവിലോപവും നടത്തിയിരിക്കുന്നതായി കണ്ട് ഇപ്രകാരം കുറ്റപത്രം നൽകുന്നു.

<u>കുറ്റപത്രത്തിനാധാരമായ രേഖകൾ</u>

- 30.12.2020 ലെ 83/2020/ധന നമ്പർ സർക്കുലർ.
- സാമൂഹ്യനീതി ഡയറക്ടറുടെ 19/06/2018 ലെ ഇ4/5625/18 നമ്പർ ഉത്തരവ്.

HARITHA V KUMAR
വനിത ശിശു വികസന ഡയറക്ടർ

ശ്രീ പ്രദീപ് കമാർ എസ്സ്

ഓഫീസ് അറ്റൻഡന്റ്

ഐസിഡിഎസ് കട്ടുത്തുരുത്തി

Signed by Haritha V Kumar
Date: 06-03-2024 14:44:09

(രണ്ട് പകർപ്പുകൾ രജി. വിത്ത് എ ഡി ആയി അയയ്ക്കുന്നു. ഒരു പകർപ്പിൽ താങ്കളുടെ തീയതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തി മടക്കി ലഭ്യമാക്കേണ്ടതാണ്.)

(കാര്യാലയമേധാവി മുഖാന്തിരം)